# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.335 11.05.2017-ൽ മറുപടിയ്ക്ക്

## കാരുണ്യ ചികിത്സാ പദ്ധതി

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ഒ.ആർ.കേളു | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് കാരുണ്യ ചികിത്സാ പദ്ധതിയുടെ പേരിൽ വ്യാപക അഴിമതി നടന്ന എന്ന ആരോപണത്തെക്കുറിച്ച് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | 2011-2016 കാലയളവിൽ കാരുണ്യ ലോട്ടറി ഫണ്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ.ജി.സുരേഷ് കുമാർ എന്നയാൾ ബഹു. വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. നം.165/16 എന്ന പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു സത്വര അന്വേഷണം നടത്തി തുടർ നടപടികൾ ആവശ്യമില്ലായെന്ന ശിപാർശയോടെ 13.03.2017 ൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.<br>കൂടാതെ കാരുണ്യ ചികിത്സ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട് യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ ഒന്നും കണ്ടെത്താത്തതിനാൽ തുടർ നടപടി അവസാനിപ്പിക്കുകയും ഉണ്ടായി. കാരുണ്യാ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ വാങ്ങിയതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും കുറ്റാരോപിതർക്ക് വകുപ്പുതല നടപടി ശിപാർശ ചെയ്ത റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ശിപാർശ തുടർ നടപടികൾക്കായി ആരോഗ്യകുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | വിവിധ ആരോഗ്യപദ്ധതികൾ സംയോജിപ്പിച്ച് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വിവിധ ആരോഗ്യപദ്ധതികൾ സംയോജിപ്പിച്ച് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതുവരെ കാരുണ്യ പദ്ധതി കൂടുതൽ രോഗങ്ങൾക്കുള്ള ചികിത്സകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച് ബജറ്റ് പിന്തുണയോടെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കാരുണ്യാ പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ നവീകരണം, കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വൃക്ക രോഗികളുടെ ചികിത്സാധനസഹായം രണ്ട് ലക്ഷത്തിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമായി 2017-18 സാമ്പത്തിക വർഷം 350 കോടി രൂപ വകയിരുത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.